**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2090 — 18.06.2013-ൽ മറുപടിക്ക്

## ജീവനക്കാരുടെ സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) ജീവനക്കാരുടെ സഹകരണ സംഘങ്ങൾ പൊതുജനങ്ങളിൽ നിന്നോ അംഗങ്ങൾ അല്ലാത്തവരിൽ നിന്നോ നിക്ഷേപം സ്വീകരിക്കരുതെന്ന് സഹകരണ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; | (എ) ജീവനക്കാരുടെ ചില സഹകരണ സംഘങ്ങളിൽ, ടി മേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത മറ്റ് വിഭാഗം അംഗങ്ങൾക്ക് അംഗത്വം നൽകുകയും വായ്പ നൽകുകയും, വൻതോതിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതായും ശ്രദ്ധയിൽപ്പെടുകയും ഈ നടപടി നിയമാനുസൃതമല്ലാത്തതിനാൽ മേൽപ്പറഞ്ഞ നടപടികൾ അവസാനിപ്പിക്കാൻ സഹകരണ സംഘം രജിസ്ട്രാർ 20.04.2013 ലെ 27/2013 നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ ഉത്തരവ് പ്രസ്തുത സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) സഹകരണ സംഘങ്ങൾ, അതാത് സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾക്കനുസൃതമായാണ് പ്രവർത്തിക്കേണ്ടത്. ജീവനക്കാർ അല്ലാത്തവർക്ക് വായ്പ നൽകുന്നതും നിക്ഷേപം സ്വീകരിക്കുന്നതും ജീവനക്കാരുടെ സംഘങ്ങളുടെ ലക്ഷ്യങ്ങൾക്കനുസൃതമല്ല. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) പ്രസ്തുത ഉത്തരവ് പിൻവലിച്ച് ഇത്തരം സ്ഥാപനങ്ങളുടെ പ്രതിസന്ധി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) പിൻവലിക്കേണ്ട ആവശ്യം സർക്കാരിന് ബോധ്യപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**